**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5786 09/07/2012-ലെ മറുപടിക്ക്

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി നേഴ്സിംഗ് പരീക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് തെറ്റയിൽ | ശ്രീ. പി.കെ. അബ്ദുറബ്ബ്, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
| എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി. നേഴ്സിംഗിന്റെ പരീക്ഷകൾ യഥാസമയം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ; | എ) ഒന്നാം വർഷ ബി.എസ്.സി. നേഴ്സിംഗ് കോഴ്സിന്റെ പ്രവേശന നടപടികൾ പൂർത്തിയാക്കി ക്ലാസ്സുകൾ യഥാസമയം തുടങ്ങുവാനുള്ള കാലതാമസവും, പരീക്ഷ മൂല്യനിർണ്ണയത്തിന് ആവശ്യമായ അദ്ധ്യാപകരുടെ അപര്യാപ്തതയുമാണ്, പരീക്ഷകൾ യഥാസമയം നടത്തുവാൻ സാധിക്കാത്തതിനു കാരണം. കൂടാതെ സപ്ലിമെന്ററി പരീക്ഷകൾ നടത്തി അവയുടെ ഫലങ്ങൾ പ്രസിദ്ധീകരിച്ചതിനുശേഷമേ, റഗുലർ പരീക്ഷകൾ നടത്തുവാൻ സാധിക്കുകയുള്ളൂ (മെഡിക്കൽ, പാരാമെഡിക്കൽ കോഴ്സുകൾക്ക് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പരീക്ഷകൾ നടത്തുന്ന ഏതാണ്ട് അതേ സമയത്തു തന്നെ ആണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസും പരീക്ഷകൾ നടത്തുന്നത്. അതിനാൽ അദ്ധ്യാപകർ രണ്ടു യൂണിവേഴ്സിറ്റികളിലും ഒരേ സമയത്ത് പരീക്ഷപേപ്പർ മൂല്യനിർണ്ണയത്തിൽ ഏർപ്പെടുന്നതുകൊണ്ടാണ് അദ്ധ്യാപകരുടെ അഭാവം മൂല്യനിർണ്ണയത്തിന് നേരിടുന്നത്). |

| | |
|---|---|
| ബി) പ്രസ്തുത പരീക്ഷകൾ യഥാസമയം നടത്താത്തതുമൂലം വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പരീക്ഷകൾ യഥാസമയം നടത്തുവാൻ നടപടി സ്വീകരിക്കുമോ; | ബി) നിലവിലുള്ള പരിമിതികളിൽ നിന്നുകൊണ്ട് കഴിവതും വേഗം പരീക്ഷകൾ നടത്തി യഥാസമയം ഫലം പ്രസിദ്ധീകരിക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) എങ്കിൽ ഇതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | സി) പരീക്ഷ കലണ്ടർ അനുസരിച്ച് യഥാസമയം പരീക്ഷകൾ നടത്തി സമയബന്ധിതമായി ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**